സ്കീം, സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി എന്നിവയിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക സഹായം നൽകുന്നുണ്ട്. മാർക്കറ്റിംഗ് ഹബ്ബുകൾ സ്ഥാപിക്കുകയും സംസ്ഥാന സർക്കാർ പദ്ധതിയിലൂടെ കനോപി വാഹനങ്ങൾ വിപണിയിൽ ഇറക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ത്രിതല സംവിധാനം ക്ഷീരമേഖലയെ ശാക്തീകരിക്കുവാൻ സഹായിച്ചുവരുന്നു.

(ബി) മാർക്കറ്റിംഗ് ഹബ്ബുകൾ സ്ഥാപിക്കുകയും പുതിയ ബൂത്തുകൾ നൽകുകയും വഴി പാലിന്റെ വിപണനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മിൽക്ക് പ്രോഡക്ട് മാനുഫാക്ചറിംഗ് യൂണിറ്റ്, മലമ്പുഴ, അരുർ കാലിത്തീറ്റ ഫാക്ടറികൾ എന്നിവയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും വിപണനം കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനും ഡയറികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ഗുണനിലവാരം നിയന്ത്രിക്കുന്നതിന് ലാബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി.

(സി) മിൽമയുടെ കീഴിൽ മൂന്ന് മേഖലാ യൂണിയനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിലാണ് ഡയറികൾ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മേഖലാ യൂണിയന്റെ കീഴിൽ 3 ഡയറി പ്ലാന്റുകളും, എറണാകുളം മേഖലാ യൂണിയന്റെ കീഴിൽ 4 ഡയറി പ്ലാന്റുകളും ഒരു പ്രോഡക്ട് ഡയറിയും മലബാർ മേഖലാ യൂണിയന്റെ കീഴിൽ 5 ഡയറി പ്ലാന്റുകളും പ്രവർത്തിച്ചുവരുന്നു. ഫെഡറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സെൻട്രൽ പ്രോഡക്ട്സ് ഡയറിയും കൂടാതെ 2 കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നു.

ക്ഷീരഗ്രാമ പദ്ധതി

59 (2692) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര ഗ്രാമപദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കാൻ എന്തെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. ക്ഷീരവികസനത്തിനുള്ള പ്രാദേശിക സാദ്ധ്യതകൾ കണക്കിലെടുത്ത് ഒരു പ്രദേശത്തിനുതകുന്ന ക്ഷീരോൽപ്പാദനോപാധികൾ ഘടകങ്ങളായി ഉൾപ്പെടുത്തി സർക്കാർ അംഗീകരിക്കുന്ന പ്രത്യേക പദ്ധതിയാണ് ക്ഷീരഗ്രാമം പദ്ധതി. ടി പ്രദേശത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരസംഘങ്ങൾ ശാക്തീകരിച്ച് വിപണനം വർദ്ധിപ്പിച്ച് കർഷകർക്ക് സ്വയംതൊഴിൽ സാധ്യതാ വർദ്ധനവും ഉറപ്പാക്കുകയാണ് ലക്ഷ്യം.

(ബി) എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ് ഗ്രാമപഞ്ചായത്ത് എന്നിവയെ ക്ഷീരഗ്രാമമാക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും 18.84 ലക്ഷം രൂപ ടി പദ്ധതികൾ ആരംഭിക്കുന്നതിന് ചെലവാക്കുകയുമുണ്ടായി.

(സി) ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കാത്ത സ്ഥലങ്ങളിൽ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഫോഡർ ഡെവലപ്മെന്റ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

(ഡി) സർക്കാരിൽനിന്ന് ഭരണാനുമതി നൽകുകയും അതിനനുസരിച്ച് ബന്ധപ്പെട്ട ജില്ലാ/ബ്ലോക്കുതല ഓഫീസർമാർ മുഖേന നിർവ്വഹണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി

60 (2693) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly